**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 111** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഡെസ്റ്റിനേഷൻ ചലഞ്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. രാജ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വിനോദസഞ്ചാര വികസനത്തിന് പ്രാധാന്യം നൽകിയതിന്റെ ഫലമായി സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിൽ പ്രഥമ ഗണനീയ പങ്ക് സംഭാവന ചെയ്യുന്ന തരത്തിൽ വിനോദസഞ്ചാര വ്യവസായം വളർച്ച നേടിയിട്ടുണ്ടോ; | (എ) | വിനോദസഞ്ചാര വികസനത്തിന് പ്രാധാന്യം നൽകിയതിന്റെ ഭാഗമായി സമ്പദ്‌വ്യസ്ഥയ്ക്ക് ടൂറിസം മേഖലയിൽ നിന്നുള്ള പങ്കാളിത്തം വർദ്ധിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ പ്രധാന മാർഗമായി ടൂറിസത്തെ മാറ്റുന്നതിനുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്. പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് ഉത്തര വാദിത്ത ടൂറിസം പദ്ധതിയെ ഫലപ്രദമായി ഉപയോഗിക്കുകയാണ്. ഡിപ്പാർട്ടമെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്ക്സ് പുറത്തുവിട്ട കണക്കു പ്രകാരം കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ വളർച്ച കൈവരിച്ചത് ടൂറിസം മേഖലയുടെ ഭാഗമായ ഹോട്ടൽ മേഖലയാണ്. 120 ശതമാനമാണ് ഹോട്ടൽ മേഖലയുടെ വളർച്ച. ടൂറിസം മേഖലയിലെ മുന്നേറ്റം ഈ വളർച്ചയ്ക്ക് സഹായകരമായി |
| (ബി) | നിലവിൽ ചില പ്രധാന സ്ഥലങ്ങളെ മാത്രം കേന്ദ്രീകരിച്ചുള്ള വിനോദസഞ്ചാരത്തിന്റെ സദ്ഫലങ്ങൾ സംസ്ഥാനത്തൊട്ടാകെ ലഭ്യമാകുന്ന തരത്തിൽ വിപുലീകരിക്കാൻ നടത്തുന്ന ശ്രമങ്ങൾ ഫലം കണ്ട് തുടങ്ങിയിട്ടുണ്ടോ; | (ബി) | ഉണ്ട്. കേരളത്തെ ആകെ ടൂറിസം ഡെസ്റ്റിനേഷൻ എന്ന നിലയിൽ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനമാണ് സർക്കാരും ടൂറിസം വകുപ്പും സംഘടിപ്പിക്കുന്നത്. ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് "ഡെസ്റ്റിനേഷൻ ചലഞ്ച്" എന്ന പുതിയ പദ്ധതിക്ക് തുടക്കമിട്ടു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതി കൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപ വരെ) ടൂറിസം വകുപ്പ് നൽകുന്നതാണ്. ഡെസ്റ്റിനേഷൻ ചലഞ്ചിൽ ലഭിച്ച പദ്ധതി നിർദ്ദേശങ്ങൾ പരിശോധിച്ച് വരികയാണ്. സംസ്ഥാനത്തെ അറിയപ്പെടാത്ത ഡെസ്റ്റിനേഷനുകളെ കണ്ടെത്തി വികസിപ്പിക്കുവാൻ കാരവൻ ടൂറിസം പോലുള്ള പദ്ധതികളും സഹായകരമാവുകയാണ്. |
| (സി) | പ്രസ്തുത ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഡെസ്റ്റിനേഷൻ ചലഞ്ച് വഴി കൈവരിക്കാനായ നേട്ടം അറിയിക്കുമോ? | (സി) | ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതിയ്ക്ക് മികച്ച പ്രതികരണമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വകുപ്പിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ നിരവധി മനോഹര പ്രദേശങ്ങൾ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിനുള്ള പദ്ധതി പ്രൊപ്പോസലുകൾ ഇതിനകം ലഭിച്ചുകഴിഞ്ഞു. ആകെ 109 അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്. ഇവയുടെ വിശദമായ പരിശോധനയ്ക്ക് ശേഷം 58 പദ്ധതികൾ അംഗീകരി ക്കാവുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതോടെ പ്രസ്തുത പ്രദേശങ്ങളിൽ വലിയ വികസനവും നിരവധി തൊഴിൽ അവസരങ്ങളും സംജാതമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ